നമുക്ക് ഒരു ശത്രുവുണ്ട് എന്നതും ആ ശത്രു നമ്മെ തകർക്കുവാൻ നിരന്തരം കാത്തിരിക്കുകയാണെന്നുള്ളതും ശരിയാണ്. എന്നാൽ നാം ഒട്ടും ഭയപ്പെടേണ്ടതില്ല. കാരണം ആ ശത്രുവിനെ തോൽപ്പിച്ചവനായ നമ്മുടെ നല്ല ഇടയനായ യേശു നമ്മോടുകൂടെയുണ്ട്. അവൻ ഉറങ്ങുന്നില്ല, ഉറക്കം തൂങ്ങുന്നതുമില്ല. സംരക്ഷണത്തിന്റെ വടിയുമായി അവൻ എപ്പോഴും നമ്മോടുകൂടെയുണ്ട്. ആകയാൽ ധൈര്യപ്പെടുക, 'ഞാൻ ഒരനർത്ഥവും ഭയപ്പെടുകയില്ല.'

ദാവീദ് തുടർന്നു പറയുകയാണ്, 'ഞാൻ കൂരിരുൾ താഴ്‌വരയിൽ കൂടി നടന്നാലും ഒരനർത്ഥവും ഭയപ്പെടുകയില്ല. എന്തെന്നാൽ നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ.' ഇടയൻ ആടുമായി മേച്ചിൽപ്പുറങ്ങൾ തേടി പോകുമ്പോൾ ചിലപ്പോൾ അപകടം നിറഞ്ഞ താഴ്‌വരയിൽക്കൂടി കടന്നുപോകേണ്ടി വരും. അവിടെ ഇരുൾ നിറഞ്ഞ സ്ഥലമാണ്. ഒരു കൈയിൽ വടിയും മറേറ കൈയിൽ കോലുമായി അവൻ താഴ്‌വരയിലേക്കിറങ്ങുന്നു. ദുഷ്ടമൃഗങ്ങൾ അവിടെയുണ്ടെങ്കിൽ ഓടി മറയുന്നു. മുൾച്ചെടിയുടെ ചില്ലുകൾ കോലുകൊണ്ട് പിടിച്ചു ഒതുക്കുന്നു. അങ്ങനെ വഴി ഒരുക്കി ഇടയൻ മുന്നോട്ടു നീങ്ങുന്നു. ആടുകൾ തന്നെ അനുഗമിക്കുന്നു. അവ സുരക്ഷിതമായി മറുവശത്തെത്തുന്നു - യാതൊരു അനർത്ഥവും ഭയപ്പെടാതെ, ഈ വാഗ്ദത്തത്തെ മുറുകെ പിടിക്കുക. നല്ല ഇടയനായ യേശു നമ്മൊടുകൂടെയുണ്ട്. ആകയാൽ ഒരു അനർത്ഥവും ഭയപ്പെടേണ്ട ആവശ്യം നമുക്കില്ല. അവന്റെ നിരന്തര സാന്നിദ്ധ്യം നിന്നോടു കൂടെയുണ്ട്. ധൈര്യപ്പെടുക, ഉറച്ചുനിൽക്കുക, കർത്താവ് നമ്മുടെ ഇടയൻ മാത്രമല്ല, അവൻ വിശ്വസ്തനായ രക്ഷകൻ കൂടെയാണ്.
അഞ്ചാം വാക്യത്തിൽ 'നീ എനിക്ക് വിരുന്നൊരുക്കുന്നു.' ഇടയനും സംരക്ഷകനുമായി പ്രത്യക്ഷപ്പെട്ട കർത്താവ് ഇപ്പോൾ അതിഥേയനായി അഥവാ വിരുന്നൊരുക്കുന്ന രാജാവായി മാറുകയാണ്. യേശു ഇടയനും സംരക്ഷകനുമായി മുമ്പോട്ടു പോകുമ്പോൾ, ജനത്തിന്റെ സ്ഥിതിയിൽ ഉ□ ാകുന്ന മാററം വളരെയധികമാണ്. യഹോവ തന്റെ ജനത്തിന്റെ സ്ഥിതി മാററുമ്പോൾ യാക്കോബ് ആനന്ദിക്കും എന്ന വചനം എത്രയോ അന്വർത്ഥമാണ്.

തുടരും....